പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3070

15.02.2013-ൽ മറുപടി നൽകേണ്ടത്

## വൈപ്പിൻ മണ്ഡലത്തിലെ കായൽ പുറമ്പോക്ക്

### ചോദ്യം

ശ്രീ. എസ്. ശർമ്മ

വൈപ്പിൻ മണ്ഡലത്തിലെ കായൽ പുറമ്പോക്ക് ഭൂമി പതിച്ച് കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

ഇത്തരത്തിൽ എന്തെങ്കിലും അപേക്ഷ സർക്കാരിൽ നേരിട്ട് എന്നെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നത് പരിശോധനയിൽ കണ്ടെത്താനായിട്ടില്ലാത്തതാണ്. വൈപ്പിൻ മണ്ഡലത്തിൽ കായൽ പുറമ്പോക്ക് പതിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് എറണാകുളം ജില്ലാ കളക്ടർ മുഖേന അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലാത്ത താണ്. എന്നാൽ കൈവശഭൂമി പതിച്ചു നൽകണമെന്ന് കാണിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷാവസ്തു കായൽ പുറമ്പോക്കാ ണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും കായൽ പുറമ്പോക്ക് പതിച്ചു നൽകുന്നതിനെതിരെ ബഹു. ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇത്തരത്തിലുള്ള അപേക്ഷകൾ നിരസിച്ചിട്ടുള്ളതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ